# വിദ്യാഭ്യാസം

## പ്ലാന്റേഷൻ മാനേജ്മെന്റിൽ പിജി ഡിപ്ലോമ

കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള 'ഐഐപിഎം ബെംഗളൂരു' നടത്തുന്ന 2 വർഷത്തെ 'പിജി ഡിപ്ലോമ' പ്രോഗ്രാമുകളിലെ പ്രവേശനത്തിന് 30 വരെ ഓൺലൈനായി അപേക്ഷിക്കാം.

1. PGDM-ABPM - പിജി ഡിപ്ലോമ ഇൻ മാനേജ്മെന്റ് : അഗ്രിബിസിനസ് & പ്ലാന്റേഷൻ മാനേജ്മെന്റ്, യുകെയിലെ റോയൽ അഗ്രി യൂണിവേഴ്സിറ്റിയുമായി ചേർന്ന് ട്വിന്നിങ് പ്രോഗ്രാം.
2. PGDM-FPBM - പിജി ഡിപ്ലോമ ഇൻ മാനേജ്മെന്റ് : ഫുഡ് പ്രോസസിങ് & ബിസിനസ് മാനേജ്മെന്റ്, യുകെയിലെ നോട്ടിങ്ഹാം ട്രെന്റ് യൂണിവേഴ്സിറ്റിയുമായി ചേർന്ന് ട്വിന്നിങ് പ്രോഗ്രാം ആയേക്കാം.
3. PGDM- AEBM - പിജി ഡിപ്ലോമ ഇൻ മാനേജ്മെന്റ് : അഗ്രികൾചറൽ എക്സ്പോർട്ട് & ബിസിനസ് മാനേജ്മെന്റ്
4. പിജി ഡിപ്ലോമ ഇൻ മാനേജ്മെന്റ് - ജനറൽ മാനേജ്മെന്റ്.

50% മാർക്ക് അഥവാ തുല്യ ഗ്രേഡ് പോയിന്റ് ആവറേജ് എങ്കിലുമുള്ള സർവകലാശാലാ ബിരുദം വേണം. പട്ടിക, ഭിന്നശേഷി വിഭാഗക്കാർക്കു 45%. CAT/MAT/ATMA/CMAT/GATE/XAT ഇവയിലേതിലെങ്കിലും സ്കോർ നേടിയിരിക്കണം.

ഇവയ്ക്കു പുറമേ 4 വർഷത്തെ-ഫെലോ പ്രോഗ്രാം ഇൻ മാനേജ്മെന്റിനും ഇപ്പോൾ അപേക്ഷിക്കാം (FPM - PhD). ഇതിന്റെ വ്യവസ്ഥകൾ വ്യത്യസ്തമാണ്. എൻജിനീയറിങ്, ടെക്നോളജി, മാനേജ്മെന്റ്, ഇക്കണോമിക്സ്, സോഷ്യൽ സയൻസസ്, കൊമേഴ്സ്. ഹ്യുമാനിറ്റീസ് ഇവയൊന്നിലെ ഫസ്റ്റ് ക്ലാസ് മാസ്റ്റർ ബിരുദമോ 55% എങ്കിലും മാർക്കോടെ സിഎ / സിഎസ് / കോസ്റ്റ് അംഗത്വമോ വേണം.

ഫോൺ: 080- 23212767;
ഇ-മെയിൽ: admissions@iipmb.edu.in;
വെബ്: www.iipmb.edu.in.

## എൻഎച്ച്പിസിയിൽ അവസരങ്ങൾ

ജലവൈദ്യുതപദ്ധതികൾ കൈകാര്യം ചെയ്യുന്ന പ്രമുഖ കേന്ദ്രസർക്കാർ സ്ഥാപനമായ എൻഎച്ച്പിസി ലിമിറ്റഡിൽ 53 ട്രെയിനി എൻജിനീയർമാരെ ഗേറ്റ്-സ്കോർ നോക്കി തിരഞ്ഞെടുക്കും.

സിവിൽ - 29, മെക്കാനിക്കൽ - 20, ഇലക്ട്രിക്കൽ - 4. കൂടാതെ, 12 ഫിനാൻസ് ഓഫിസർമാർക്കും 2 കമ്പനി സെക്രട്ടറിമാർക്കും ട്രെയിനികളായി അവസരമുണ്ട്. ഓൺലൈൻ അപേക്ഷ ജനുവരി 17 വരെ.

www.nhpcindia.com സൈറ്റിലെ 'കരിയേഴ്സ്' ലിങ്ക് നോക്കുക.

# ശാസ്ത്രപഠനം, ഗവേഷണം

# മികവിന് 'ഷീ'

ബി.എസ്. വാരിയർ

**പരീക്ഷകളിൽ ഉയർന്ന മാർക്ക് നേടിയവർക്ക് അവസരം**

**ഓൺലൈൻ അപേക്ഷ ജനുവരി 31 വരെ**

സയൻസിന്റെ വിസ്മയങ്ങളിലേക്കു യുവജനങ്ങളെ ആകർഷിക്കുന്നതിനു കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പിന്റെ പദ്ധതിയാണ് ഇൻസ്പയർ (INSPIRE : Innovation in Science Pursuit for Inspired Research; www.online-inspire.gov.in). വിവിധ ഘടകങ്ങളുള്ള ഈ പദ്ധതിയിൽ പരീക്ഷയിലെ മാർക്കു നോക്കിയാണ് അർഹരെ തിരഞ്ഞെടുക്കുന്നത്.

ഇൻസ്പയറിന്റെ ഭാഗമാണ് ഷീ (SHE : Scholarship for Higher Education). ഇതിലേക്കുള്ള ഓൺലൈൻ അപേക്ഷ ജനുവരി 31 വരെ സ്വീകരിക്കും.

### അപേക്ഷായോഗ്യത

1. 2021-ൽ 12 ജയിച്ച്, അതതു ബോർഡിലെ ഏറ്റവും ഉയർന്ന 1% പേരിൽപ്പെട്ട്, നാച്വറൽ / ബേസിക് സയൻസിൽ ബിഎസ്‌സി, ബിഎസ്, ഇന്റഗ്രേറ്റഡ് എംഎസ്‌സി / എംഎസ് പഠിക്കുന്നവർ
2. ജെഇഇ അഡ്വാൻസ്ഡ്, നീറ്റ് പരീക്ഷകളിലെ ആദ്യ 10,000 റാങ്കിൽപ്പെട്ട് ഇന്ത്യയിൽ നാച്വറൽ / ബേസിക് സയൻസ് ബിഎസ്‌സി, ബിഎസ്, ഇന്റഗ്രേറ്റഡ് എംഎസ്‌സി / എംഎസ് പഠിക്കുന്നവർ
3. കെവിപിവൈ നേടി, നാച്വറൽ / ബേസിക് സയൻസിൽ ബാച്‌ലർ / മാസ്റ്റർ പ്രോഗ്രാമുകളിൽ പഠിക്കുന്നവർ
4. നാഷനൽ ടാലന്റ് സേർച് എക്സാമിനേഷൻ (NTSE) / ജഗദീഷ് ബോസ് നാഷനൽ ടാലന്റ് സേർച്ച് (JBNSTS) സ്കോളർമാർ, ഇന്റർനാഷനൽ ഒളിംപ്യാഡ് മെഡലിസ്റ്റ് എന്നീ വിഭാഗങ്ങളിൽപ്പെട്ട് നാച്വറൽ / ബേസിക് സയൻസിൽ ബാച്‌ലർ / മാസ്റ്റർ പ്രോഗ്രാമുകളിൽ പഠിക്കുന്നവർ.

മുൻവർഷങ്ങളിൽ 12 ജയിച്ചവരെ പരിഗണിക്കില്ല.

### പഠനവിഷയം, സ്കോളർഷിപ്

ഫിസിക്സ്, കെമിസ്ട്രി, മാത്സ്, ബയോളജി, സ്റ്റാറ്റ്സ്, ജിയോളജി, അസ്ട്രോഫിസിക്സ്, അസ്ട്രോണമി, ഇലക്ട്രോണിക്സ്, ബോട്ടണി, സുവോളജി, ബയോകെമിസ്ട്രി, ആന്ത്രപ്പോളജി, മൈക്രോബയോളജി, ജിയോഫിസിക്സ്, ജിയോകെമിസ്ട്രി, അറ്റ്മോസ്ഫെറിക് സയൻസസ്, ഓഷ്യാനിക് സയൻസസ് എന്നിങ്ങനെ 18 പഠനവിഷയങ്ങളിലൊന്ന് തിരഞ്ഞെടുക്കണം.

സ്കോളർഷിപ് പ്രതിമാസം 5,000 രൂപ (വർഷത്തിൽ 60,000 രൂപ). കൂടാതെ, മെന്റർഷിപ് പ്രതിവർഷം 20,000 രൂപ.

### മറ്റു വിവരങ്ങൾ

ഒരു അപേക്ഷയേ അയയ്ക്കാവൂ. രേഖകൾ അപ്‌ലോഡ് ചെയ്താൽ മതി; തപാലിൽ അയയ്ക്കേണ്ട. അപേക്ഷാസമർപ്പണത്തിനുള്ള വിശദനിർദേശങ്ങളടങ്ങിയ ലിങ്ക് സൈറ്റിലുണ്ട്. 2020ൽ 12 ജയിച്ച് ഉയർന്ന 1% പേരിൽപെട്ടവരുടെ കുറഞ്ഞ മാർക്ക് (കട്ടോഫ് %) പരീക്ഷാ ബോർഡ് തിരിച്ച് സൈറ്റിൽ കൊടുത്തിട്ടുണ്ട്. കേരള സിലബസ് - 98.58%, സിബിഎസ്ഇ - 95.60%, ഐസിഎസ്ഇ - 96.80%.

കൂടുതൽ വിവരങ്ങൾക്കു വെബ് സൈറ്റ് നോക്കുക.

ഫോൺ : 0124-6690020, ഇ-മെയിൽ : inspire.prog-dst@nic.in